110 (1152) സംസ്ഥാനത്ത് നാളികേരോൽപ്പാദനം

ശ്രീ. പി.ജെ. ജോയി :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്ന നാളികേരത്തിൽ ഭക്ഷ്യാവശ്യത്തിനുവേണ്ടി എത്രയെണ്ണം ഉപയോഗിക്കപ്പെടുന്നു;

(ബി) ഇളനീരായി എത്രയെണ്ണം ഉപയോഗിക്കപ്പെടുന്നു;

(സി) എത്രയെണ്ണം കൊപ്രയാക്കപ്പെടുന്നു;

(ഡി) കൊപ്രയാക്കപ്പെടുന്നതിൽ നിന്നും എത്ര ടൺ വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കപ്പെടുന്നു;

(ഇ) എത്രമാത്രം കൊപ്ര പുറത്തേയ്ക്ക് അയയ്ക്കപ്പെടുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഏകദേശം 3160 മില്യൺ നാളികേരം ഗാർഹികാവശ്യത്തിനു വേണ്ടി ഉപയോഗിക്കപ്പെടുന്നു.

(ബി) ഇളനീരായി ഏകദേശം 295.4 മില്യൺ നാളീകേരം ഉപയോഗിക്കപ്പെടുന്നു.

(സി) 2363.2 മില്യൺ നാളീകേരം കൊപ്രയാക്കപ്പെടുന്നു.

(ഡി) 2,93,243 ടൺ കൊപ്രയിൽ നിന്നും 1,90,608.46 ടൺ വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കപ്പെടുന്നു.

(ഇ) ഉണ്ടക്കൊപ്രയടക്കം 1,87,000 ടൺ കൊപ്ര അന്യസംസ്ഥാനങ്ങളിലേക്ക് അയയ്ക്കപ്പെടുന്നു.

111 (1155) കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഏതെല്ലാം കാർഷിക വിളകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരതോത് എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ 25 പ്രധാന വിളകളായ നെല്ല്, തെങ്ങ്, ഏലം, പുകയില, കവുങ്ങ്, ഇഞ്ചി, പച്ചക്കറി, റബ്ബർ, മഞ്ഞൾ, ജാതി, കശുമാവ്, കാപ്പി, ഗ്രാമ്പൂ, വാഴ, തേയില, വെറ്റില, മരച്ചീനി, കൊക്കോ, പയറുവർഗ്ഗങ്ങൾ, കൈതച്ചക്ക, നിലക്കടല, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക്, എള്ള്, കരിമ്പ് എന്നിവയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly